MATHRUBHUMI - 10-11-2024

## സ്വദേശി ശാസ്ത്ര കോൺഗ്രസ് സമാപിച്ചു

# ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം നിയന്ത്രിക്കും - കേന്ദ്രമന്ത്രി ജോർജ് കുര്യൻ

**തോപ്പുംപടി ▸** ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കാനും അവ വാഹനങ്ങളിൽ ഉപയോഗിക്കുന്നത് തടയാനും 2030-ഓടെ നടപടിയുണ്ടാകുമെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി ജോർജ് കുര്യൻ പറഞ്ഞു. സിഫ്റ്റിന്റെ സഹകരണത്തോടെ കേരള സ്വദേശി ശാസ്ത്ര പ്രസ്ഥാനം സംഘടിപ്പിച്ച സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




▶ കൊച്ചി സിഫ്റ്റിൽ നടന്ന സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ സമാപന സമ്മേളനം കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു. നാഷണൽ പവർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ ഡോ. ത്രിപ്ത താക്കൂർ അനുമോദന പ്രഭാഷണം നടത്തി. സ്വദേശി ശാസ്ത്ര പ്രസ്ഥാനം പ്രസിഡന്റ് ഡോ. കെ. മുരളീധരൻ, വിജ്ഞാനഭാരതിയുടെ സെക്രട്ടറി ജനറൽ പി.എ. വിവേകാനന്ദ പൈ, വിജ്ഞാനഭാരതി ഓർഗനൈസിങ് സെക്രട്ടറി അബ്ഗ രവീന്ദ്രനാഥ ബാബു, സിഫ്റ്റിലെ എക്സ്റ്റൻഷൻ, ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് മേധാവി ഡോ. നികിത ഗോപാൽ, ഫിഷ് പ്രോസസിങ് വിഭാഗം മേധാവി ഡോ. ജെ. ബിന്ദു, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടോംസ് സി. ജോസഫ് തുടങ്ങിയവർ സംസാരിച്ചു.